# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1089** — **28/4/2017** -ലെ മറുപടി

## റാന്നി മേജർ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | റാന്നി മേജർ കുടിവെള്ള പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചതെന്ന്; എത്ര രൂപയാണ് ഇതിനോടകം ഇതിനായി ചെലവഴിച്ചത്; നിർമ്മാണം ഏതു ഘട്ടം വരെയായി; ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളത്; എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും വിശദമാക്കുമോ; | (എ) | റാന്നി-പഴവങ്ങാടി-വടശ്ശേരിക്കര കുടി വെള്ള പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തികളുടെ നിർമ്മാണം 10/10/2008 ലും രണ്ടാം ഘട്ട പ്രവൃത്തികളുടെ നിർമ്മാണം 12/2012 ലും ആരംഭിച്ചു. പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 31/3/2017 വരെ 1421.44 ലക്ഷം രൂപയും രണ്ടാം ഘട്ടത്തിന് 31/3/2017 വരെ 855.02 ലക്ഷം രൂപയും ചെലവഴിച്ചു.<br>ഒന്നാം ഘട്ടത്തിലെ എല്ലാ ഘടകങ്ങളുടെയും നിർമ്മാണം പൂർത്തിയാക്കി ജലവിതരണം നടത്തി വരുന്നു. രണ്ടാം ഘട്ടത്തിലുൾപ്പെട്ട ഘടകങ്ങളിൽ സോൺ 3 A, 4 എന്നിവിടങ്ങളിലെ ജലവിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ട്. രണ്ടാം ഘട്ടത്തിലെ മറ്റു ഘടകങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി ജലവിതരണം നടത്തി വരുന്നു. 2017 ജൂൺ മാസത്തോടെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രവൃത്തികൾ പൂർത്തിയാക്കി പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാകും എന്ന് അറിയിക്കുമോ? | (ബി) | അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കി 2017 ജൂൺ അവസാനത്തോടെ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ